# വിശ്വാസപരിശീലനം

**"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2:52).**

സെപ്റ്റംബർ മാസം എട്ടാം തീയതി പരിശുദ്ധ അമ്മയുടെ ജന്മദിനമാണല്ലോ. പാപരഹിതയായി ജനിച്ച്, ദൈവവരപ്രസാദത്തിൽ ജീവിച്ച പരിശുദ്ധ അമ്മയെ അനുകരിച്ച് നമുക്കും വിശുദ്ധിയിൽ വളരാം. എട്ടുനോമ്പ് അനുഷ്ഠിച്ച് അമ്മയുടെ പിറവിത്തിരുന്നാളിന് ഒരുങ്ങാം.

ഏലിയാ സ്ലീവാ മൂശാ കാലത്ത് മിശിഹായുടെ രണ്ടാമത്തെ ആഗമനത്തെയും വി. സ്ലീവായുടെ മഹത്വത്തെയും നാം ധ്യാനവിഷയമാക്കുകയാണല്ലോ. സെപ്റ്റംബർ 14 വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാളാണ്. കുരിശുമരണം വഴി ഈശോ നേടിത്തന്ന രക്ഷയും ജീവനും നമുക്കും സ്വന്തമാക്കാം. വിശ്വാസം പരിശീലിക്കുന്ന എല്ലാ കുഞ്ഞുങ്ങളെയും ഈ രക്ഷയുടെ അനുഭവത്തിലേക്ക് ("രക്ഷയുടെ പാതയിൽ") നമുക്ക് നയിക്കാം.

## 1. ഓണപരീക്ഷ - സെപ്റ്റംബർ 13 ഞായർ

ഓണപരീക്ഷ സെപ്റ്റംബർ 13-ാം തീയതി ഞായറാഴ്ചയായിരിക്കും നടത്തുന്നത്. കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ മോഡൽ പരീക്ഷയായിരിക്കും നടത്തുക. എല്ലാ ക്ലാസ്സുകൾക്കും ആദ്യത്തെ അഞ്ച് അധ്യായങ്ങളെ ആസ്പദമാക്കിയുള്ള ചോദ്യങ്ങളായിരിക്കും നല്കുന്നത്. മൊത്തം 100-ൽ ആയിരിക്കും. മാർക്ക് കണക്കാക്കുക.

**A. മാർക്ക്വിഭജനം**

| പാഠഭാഗം | മാർക്ക് |
|---|---|
| പാഠപുസ്തകം | 60 |
| നമസ്ക്കാരം | 5 |
| ജനറൽ ചോദ്യങ്ങൾ | 5 |
| അഭ്യന്തര മൂല്യനിർണ്ണയം | 30 |

**B. അഭ്യന്തര മൂല്യനിർണ്ണയം (Internal Assessment)**

i. ദൈവാലയത്തിലോ, ഓൺലൈനിലൂടെയോ ഉള്ള ബലിയർപ്പണത്തിലും ആത്മീയ ദിവ്യകാരുണ്യ സ്വീകരണത്തിലും കുട്ടിയുടെ ഭാഗഭാഗിത്വം (5 മാർക്ക്).

ii. ഓൺലൈൻ (രക്ഷയുടെ പാതയിൽ) വിശ്വാസപരിശീലന ക്ലാസ്സുകളിൽ കുട്ടിയുടെ സാന്നിധ്യം (5 മാർക്ക്).

iii. ക്ലാസ്സ് ടീച്ചർ നല്കുന്ന ഗൃഹപാഠങ്ങൾ, ബൈബിൾ വായന കുടുംബപ്രാർത്ഥന മുതലായവയ്ക്ക് കുട്ടിയുടെ ഭാഗഭാഗിത്വം (5 മാർക്ക്).

iv. രൂപതയിലെ വിവിധ സംഘടനകളിൽ നിന്നോ, ഇടവകാതലത്തിൽ നിന്നോ നടത്തിയ ഓൺലൈൻ പ്രോഗ്രാമുകളിലെ കുട്ടിയുടെ ഭാഗഭാഗിത്വം (5 മാർക്ക്).

v. ഇടവകാതലത്തിൽ നടത്തിയ ലോഗോസ് ബൈബിൾ ക്വിസ്സ്, ബൈബിൾ സംബന്ധമായ മത്സരങ്ങളിൽ കുട്ടിയുടെ പങ്കാളിത്തം (5 മാർക്ക്).

vi. ഒന്ന്, രണ്ട്-മൂന്ന്, നാല് അധ്യായങ്ങളെ ആസ്പദമാക്കി വിശ്വാസപരിശീലനകേന്ദ്രം തയ്യാറാക്കി നല്കിയ മോഡൽ പരീക്ഷയിൽ കുട്ടികളുടെ ഭാഗഭാഗിത്വം (5 മാർക്ക്).

NB. അഭ്യന്തര മൂല്യനിർണ്ണയത്തിന്റെ (Internal Assessment) 30 മാർക്ക് നല്കേണ്ടത് നിർബന്ധമായും കുട്ടിയുടെ മാതാപിതാക്കളോടും കൂടി ആലോചിച്ച് ആയിരിക്കണം. ബഹു. അധ്യാപകർ കുട്ടിയുടെ മാതാപിതാക്കൾക്ക്, 30 മാർക്കിന്റെ അവലോകനം സത്യസന്ധമായ രീതിയിൽ നടത്തുവാനുള്ള നിർദ്ദേശം നല്കുമല്ലോ.

### C. പരീക്ഷാ സംബന്ധമായ നിർദ്ദേശങ്ങൾ

i. സെപ്റ്റംബർ 13 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 4 മണിവരെയായിരിക്കും പരീക്ഷ.

ii. ചോദ്യപേപ്പർ ഉച്ചയ്ക്ക് 1 മണിക്ക് പ്രധാനാധ്യാപകരുടെ വാട്ട്സ് ആപ്പ് ഗ്രൂപ്പിൽ ഇടുന്നതാണ്. ചോദ്യപേപ്പർ വിശ്വാസപരിശീലനകേന്ദ്രം തയ്യാറാക്കി നല്കുന്നതാണ്.

iii. കൃത്യം 2 മണിക്ക് ആയിരിക്കും പരീക്ഷ ആരംഭിക്കേണ്ടത്. രണ്ട് മണിക്ക് മുൻപായി ചോദ്യങ്ങൾ കുട്ടികൾക്ക് നല്കാനോ പരീക്ഷ നേരത്തെ നടത്താനോ പാടില്ല.

iv. കുട്ടികൾ ഉത്തരങ്ങൾ എഴുതി ഉത്തരക്കടലാസിന്റെ ഫോട്ടോ എടുത്ത് 4.15നു മുൻപായി ക്ലാസ്സാധ്യാപകന്റെ പേഴ്സണൽ വാട്സ്ആപ്പ് നമ്പറിലേയ്ക്ക് അയയ്ക്കേണ്ടതാണ്. ഉത്തരങ്ങൾ ക്ലാസ്സിന്റെ ഗ്രൂപ്പിൽ ഇടാൻ പാടില്ല.

v. പരീക്ഷയുടെ സൂപ്പർവൈസർ മാതാപിതാക്കൾ ആയിരിക്കും. മാതാപിതാക്കൾക്ക് വേണ്ടതായ നിർദ്ദേശങ്ങൾ നല്കണം.

vi. ഒന്നാം ക്ലാസ്സിലെ കുട്ടികൾക്ക് 70 മാർക്കിന്റെ വാചികപരീക്ഷ



(Oral Exam) ആയിരിക്കും. വിശ്വാസപരിശീലനകേന്ദ്രം തയ്യാറാക്കി നല്കുന്ന ചോദ്യങ്ങൾ മാതാപിതാക്കൾ കുട്ടികളോട് ചോദിക്കുക. മാർക്ക് അധ്യാപകരെ അറിയിക്കുക.

vii. രണ്ട്, മൂന്ന് ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് എഴുത്തുപരീക്ഷയായിരിക്കും. എഴുതുവാൻ ബുദ്ധിമുട്ടുള്ള കുട്ടികൾക്ക് മാതാപിതാക്കളുടെ സഹായത്തോടെ വാചിക പരീക്ഷ (Oral Exam) നടത്താവുന്നതാണ്.

viii. ഓണപരീക്ഷ സുഗമമായി നടത്തുന്നതിനുവേണ്ട ക്രമീകരണങ്ങൾ ഹെഡ്മാസ്റ്റർ ബഹു. വികാരിയച്ചനുമായി ആലോചിച്ച് ചെയ്യേണ്ടതാണ്.

### 2. ജനറൽ ചോദ്യങ്ങൾ

ഓണപരീക്ഷക്കുള്ള ജനറൽചോദ്യങ്ങൾ ഓഗസ്റ്റ് മുപ്പതിന് പ്രധാനാധ്യാപകരുടെ വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ ഇടുന്നതായിരിക്കും. 4 മുതൽ 7 വരെയുള്ള ക്ലാസ്സുകൾക്കും 8 മുതൽ 12 വരെയുള്ള ക്ലാസ്സുകൾക്കും വ്യത്യസ്ത ജനറൽ ചോദ്യങ്ങളാണ് ഉള്ളത്. ജനറൽ ചോദ്യത്തിൽനിന്നും 5 മാർക്കിന്റെ ചോദ്യങ്ങൾ പരീക്ഷയ്ക്ക് ചോദിക്കുന്നതായിരിക്കും. അധ്യാപകർ 30-ാം തീയതി തന്നെ ചോദ്യങ്ങൾ കുട്ടികൾക്ക് നല്കേണ്ടതാണ്.

### 3. അസൈൻമെന്റ് - ക്ലാസ്സ് XII

പന്ത്രണ്ടാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളുടെ ഈ അധ്യായനവർഷത്തെ അസൈൻമെന്റ് ഓഫീസിൽ എത്തിക്കേണ്ട അവസാന തീയതി ഒക്ടോബർ 31 ആണ്. ഇക്കാര്യം കുട്ടികളെ നേരത്തെ അറിയിച്ച് അസൈൻമെന്റ് എഴുതാൻ അവരെ ഒരുക്കേണ്ടതാണ്. ആമുഖം, ഉള്ളടക്കം, ഉപസംഹാരം, റഫറൻസ് ഗ്രന്ഥങ്ങൾ എന്നിവ അസൈൻമെന്റിന് ഉണ്ടായിരിക്കണം. കുറഞ്ഞത് പത്തുപേജെങ്കിലും അസൈൻമെന്റിന് ഉണ്ടായിരിക്കണം. കുട്ടിയുടെ മാമ്മോദീസാപേരും ബ്രായ്ക്കറ്റിൽ വിളിപ്പേരും വീട്ടുപേരും ഇടവകയും അസൈൻമെന്റിൽ എഴുതിയിരിക്കണം. താഴെ കൊടുത്തിരിക്കുന്ന മൂന്ന് അധ്യായങ്ങളെ ആസ്പദമാക്കിയാണ് വിഷയാവതരണം നടത്തേണ്ടത്.

**വിഷയം: "മാധ്യമങ്ങളുടെ നന്മയും അവ ഉയർത്തുന്ന വെല്ലുവിളികളും"**

അധ്യായം1 : മാധ്യമങ്ങളും അവയുടെ നന്മയും
2 : മാധ്യമങ്ങൾ ഉയർത്തുന്ന വെല്ലുവിളികൾ
3 : മാധ്യമങ്ങളെ എങ്ങനെ സമൂഹ നന്മയ്ക്കായി വിനിയോഗിക്കാം.

### 4. രക്ഷയുടെ പാതയിൽ - വിശ്വാസപരിശീലന ക്ലാസ്സുകൾ

അതിരൂപതാ വിശ്വാസപരിശീലന കേന്ദ്രവും ശാലോം ടെലിവിഷനും

സംയുക്തമായി തയ്യാറാക്കിയ വിശ്വാസപരിശീലന ക്ലാസ്സുകളുടെ സംപ്രേഷണം ശാലോം ടിവിയിൽ വന്നുകൊണ്ടിരിക്കുകയാണല്ലോ. ആദ്യത്തെ അഞ്ച് അദ്ധ്യായങ്ങളുടെ സംപ്രേഷണം പൂർത്തിയായി. ഈ അവസരത്തിൽ താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ ശ്രദ്ധിക്കുമല്ലോ...

a) ശാലോം ടിവിയിൽ സംപ്രേഷണം ചെയ്യുന്ന വിശ്വാസപരിശീലന ക്ലാസ്സുകളിൽ വിശ്വാസപരിശീലകരും പങ്കെടുക്കുന്നത് ഉചിതമാണ്.
b) ശാലോം ടിവി വഴിയോ യൂട്യൂബ് ചാനൽ വഴിയോ നല്കുന്ന വിശ്വാസ പരിശീലന ക്ലാസ്സുകളിൽ കുട്ടികൾ പങ്കെടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
c) ക്ലാസ്സുകളിൽ കുട്ടികൾക്ക് നല്കുന്ന ഹോംവർക്കുകൾ അവർ യഥാസമയം ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. കൂടാതെ അദ്ധ്യാപകർ വേറെ ഹോം വർക്കുകളും നല്കുന്നത് നല്ലതാണ്.
d) വിശ്വാസപരിശീലന കേന്ദ്രം തയ്യാറാക്കി നല്കുന്ന മോഡൽ ചോദ്യങ്ങൾ കുട്ടികൾക്കു നല്കുക. കുട്ടികൾ അയച്ചുതരുന്ന ഉത്തരങ്ങൾ മൂല്യനിർണ്ണയം നടത്തി അവരെ സ്കോർ അറിയിക്കുക.
e) ക്ലാസ്സദ്ധ്യാപകന്റെ personal വാട്സ്ആപ്പ് നമ്പറിലേക്കായിരിക്കണം കുട്ടികൾ പരീക്ഷയുടെ ഉത്തരങ്ങളും ഹോം വർക്കുകളും അയക്കേണ്ടത്.
f) കുട്ടികൾ ക്ലാസ്സ് കാണുന്നതിന്റെയും ഹോംവർക്കുകൾ ചെയ്ത് അയക്കുന്നതിന്റെയും വെളിച്ചത്തിൽ ഹാജരും internal mark ഉം നല്കാവുന്നതാണ്.
g) പ്രധാനാധ്യാപകനോ, സ്റ്റാഫ് സെക്രട്ടറിയോ എല്ലാ ക്ലാസ്സുകളുടെയും വാട്സ്ആപ്പ് ഗ്രൂപ്പിൽ അംഗമായിരിക്കുന്നത് നല്ലതാണ്.
h) മാസത്തിലൊരിക്കൽ സ്റ്റാഫ് മീറ്റിംഗ് കൂടി (online) വിശ്വാസപരിശീലന ക്ലാസ്സുകളുടെ പുരോഗതി വിലയിരുത്തണം.

കുഞ്ഞുങ്ങളെ വിശ്വാസം പരിശീലിക്കുകയെന്ന ദൈവികമായ ദൗത്യം സ്വീകരിച്ചവരാണല്ലോ നമ്മൾ. ഞായറാഴ്ച ദിവസം മുഴുവൻ കുഞ്ഞുങ്ങളുടെ വിശ്വാസപരിശീലനത്തിനായി നമ്മൾ മാറ്റിവച്ചിരുന്നു. ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ കൂടുതൽ ഉത്തരവാദിത്വം സഭ നമ്മോട് ആവശ്യപ്പെടുന്നുണ്ട്. ഞായറാഴ്ച ദിവസങ്ങളിൽ ഏറ്റവും കുറഞ്ഞത് രണ്ടുമണിക്കൂർ സമയമെങ്കിലും കുഞ്ഞുങ്ങളുടെ വിശ്വാസപരിശീലനത്തിനായി നമുക്ക് മാറ്റിവയ്ക്കാം.

## 5. വിശ്വാസപരിശീലന ക്ലാസ്സുകളുടെ സംപ്രേഷണ സമയം

ശാലോം ടിവിയിൽ തിങ്കൾ മുതൽ ശനി വരെ സംപ്രേഷണം ചെയ്യുന്ന വിശ്വാസപരിശീലന ക്ലാസ്സുകളുടെ സംപ്രേഷണ സമയം താഴെ കൊടുക്കുന്നു.

| ദിവസം | ക്ലാസ്സ് | സമയം |
|---|---|---|
| തിങ്കൾ - | ക്ലാസ്സ് I | : 11.30 - 11.45 |
| | ക്ലാസ്സ് II | : 11.45 - 12.00 |
| | ക്ലാസ്സ് V | : 3.30 - 4.00 |
| ചൊവ്വ - | ക്ലാസ്സ് III | : 11.30 - 12.00 |
| | ക്ലാസ്സ് VI | : 3.30 - 4.00 |
| ബുധൻ - | ക്ലാസ്സ് IV | : 11.30 - 12.00 |
| | ക്ലാസ്സ് X | : 3.30 - 4.00 |
| വ്യാഴം - | ക്ലാസ്സ് VII | : 11.30 - 12.00 |
| | ക്ലാസ്സ് XI | : 3.30 - 4.00 |
| വെള്ളി - | ക്ലാസ്സ് VIII | : 11.30 - 12.00 |
| | ക്ലാസ്സ് XII | : 3.30 - 4.00 |
| ശനി - | ക്ലാസ്സ് IX | : 11.30 - 12.00 |

## 6. സെപ്റ്റംബർ മാസത്തിലെ വിശ്വാസപരിശീലന ക്ലാസ്സുകൾ

ശാലോം ടിവിയിൽ സംപ്രേഷണം ചെയ്യുന്ന (തിങ്കൾ മുതൽ ശനിവരെ) വിശ്വാസപരിശീലന ക്ലാസ്സുകളുടെ യൂട്യൂബ് ലിങ്ക് ഞായറാഴ്ചകളിൽ വാട്സ്ആപ്പ് ഗ്രൂപ്പിൽ നൽകുന്നത് താഴെ കൊടുത്തിരിക്കുന്ന വിധമായിരിക്കും.

06.09.2020 ഞായർ - അദ്ധ്യായം 6 പാർട്ട് 1
13.09.2020 ഞായർ - അദ്ധ്യായം 6 പാർട്ട് 2
20.09.2020 ഞായർ - അദ്ധ്യായം 7 പാർട്ട് 1
27.09.2020 ഞായർ - അദ്ധ്യായം 7 പാർട്ട് 2

## 7. ഡിപ്ലോമ പ്രൈവറ്റ് രജിസട്രേഷൻ

വിശ്വാസപരിശീലനത്തിൽ പ്രൈവറ്റ് രജിസട്രേഷൻ അതിരൂപത വിശ്വാസപരിശീലന കേന്ദ്രം പ്രോത്സാഹിപ്പിക്കുന്നില്ല. എങ്കിലും പലവിധ കാരണങ്ങളാൽ 2010 മുതൽ 2018 വരെയുള്ള കാലയളവിൽ ഡിപ്ലോമ പരീക്ഷ എഴുതാൻ സാധിക്കാതെ പോയവർക്കായി ഓൺലൈൻ കോൺടാക്റ്റ് ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. വീഡിയോ കോൺഫറൻസിംഗ് പ്ലാറ്റ്ഫോം ആയ Zoom App വഴിയാണ് ക്ലാസ്സുകൾ സംഘടിപ്പിക്കുന്നത്. ഡിപ്ലോമ സ്വന്തമാക്കാൻ ആഗ്രഹിക്കുന്നവർക്ക് ഒരു മണിക്കൂർ ദൈർഘ്യമുള്ള 10 ഓൺലൈൻ ക്ലാസ്സുകളായിരിക്കും ഉണ്ടാവുക. ഡിപ്ലോമ പരീക്ഷ എഴുതാൻ ആഗ്രഹിക്കുന്നവരെ താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ ബഹു. ഹെഡ്മാസ്റ്റർ അറിയിക്കുമല്ലോ.

a) 2010 മുതൽ 2018 വരെയുള്ള കാലയളവിൽ നടത്തിയ ഡിപ്ലോമ പരീക്ഷയിൽ പങ്കെടുക്കുവാൻ സാധിക്കാതെ പോയവർക്കുമാത്രമാണ് ഈ

അവസരം. 2019, 2020 വർഷങ്ങളിൽ നടത്തിയ പരീക്ഷയിൽ പങ്കെടുക്കുവാൻ സാധിക്കാതെ പോയവർ ജനുവരി 26ന് നടത്തുന്ന പരീക്ഷയിലാണ് പങ്കെടുക്കേണ്ടത്.

b) പേര് രജിസ്റ്റർ ചെയ്യാനുള്ള അവസാന തീയ്യതി സെപ്റ്റംബർ 27 ആണ്. ഒക്ടോബർ 27-ന് ക്ലാസ്സ് ആരംഭിക്കും. ക്ലാസ്സിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവരുടെ പേര്, വീട്ടുപേര്, വാട്സ്ആപ്പ് സൗകര്യമുള്ള ഫോൺ നമ്പർ എന്നിവ ഓഫീസിൽ നൽകണം.

c) ഡിസംബർ 20 ഞായറാഴ്ചയായിരിക്കും പരീക്ഷ. 10 ഓൺലൈൻ ക്ലാസ്സുകളിലും പങ്കെടുക്കുന്നവർക്ക് മാത്രമായിരിക്കും പരീക്ഷ എഴുതാൻ അർഹത ഉണ്ടായിരിക്കുക.

d) പ്രൈവറ്റ് രജിസ്ട്രേഷൻ ഫീസ് 300 രൂപയായിരിക്കും.

e) നിലവിലുള്ള പന്ത്രണ്ടാം ക്ലാസ്സിലെ പാഠപുസ്തകത്തെ ആസ്പദമാക്കിയിരിക്കും ക്ലാസ്സുകൾ നൽകുക.

## 8. വിശ്വാസപരിശീലകർക്കുള്ള സെമിനാർ

വിശ്വാസപരിശീലകർക്ക് സെപ്റ്റംബർ മാസത്തിൽ രണ്ട് സെമിനാർ നടത്തുന്നതാണ്. സെപ്റ്റംബർ 5 മുതൽ 9 വരെയുള്ള തീയതികളിൽ നടക്കുന്ന സെമിനാറിൽ ക്ലാസ്സ് എടുക്കുന്നത് മംഗലാപുരം സെന്റ് അലോഷ്യസ് കോളേജിലെ പോസ്റ്റ് ഗ്രാജുവേറ്റ് വിഭാഗം ഡീൻ ഓഫ് സ്റ്റഡീസ് ആയ ഡോ. സജിമോൻ പാലയ്ക്കൽ സാർ ആണ്. സെപ്റ്റംബർ 20 മുതൽ 24 വരെയുള്ള തീയതികളിൽ നടക്കുന്ന സെമിനാറിൽ ക്ലാസ്സ് എടുക്കുന്നത് പ്രസിദ്ധ വചനപ്രഘോഷകനായ ബഹു. ഡാനിയേൽ പൂവണ്ണത്തിൽ അച്ചനാണ്. വീഡിയോ കോൺഫറൻസിംഗ് പ്ലാറ്റ്ഫോം ആയ Zoom App വഴിയായിരിക്കും ക്ലാസ്സുകൾ നടത്തുന്നത്. ബഹു വിശ്വാസപരിശീലകർ Zoom App ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കേണ്ടവിധം പരിചയിക്കേണ്ടതാണ്.

**A. സെമിനാർ 1 - സെപ്റ്റംബർ 05 മുതൽ 9 വരെ**

| തീയതി | സമയം | പങ്കെടുക്കേണ്ട ഫൊറോനകൾ |
|---|---|---|
| 05-09-2020 ശനി | 8.45 pm - 10.15 pm | പേരാവൂർ, എടൂർ, കുന്നോത്ത് |
| 06-09-2020 ഞായർ | 8.45 pm - 10.15 pm | നെല്ലിക്കാംപൊയിൽ, പൈസക്കരി, ചെമ്പേരി |
| 07-09-2020 തിങ്കൾ | 8.45 pm - 10.15 pm | ചെമ്പന്തൊട്ടി, ആലക്കോട് വായാട്ടുപറമ്പ്, തളിപ്പറമ്പ് |
| 08-09-2020 ചൊവ്വ | 8.45 pm - 10.15 pm | മേരിഗിരി, ചെറുപുഴ, തോമാപുരം |
| 09-09-2020 ബുധൻ | 8.45 pm - 10.15 pm | കാഞ്ഞങ്ങാട്, പനത്തടി, വെള്ളരിക്കുണ്ട് |



**B. സെമിനാർ 2 - സെപ്റ്റംബർ 20 മുതൽ 24 വരെ**

| തീയതി | സമയം | പങ്കെടുക്കേണ്ട ഫൊറോനകൾ |
|---|---|---|
| 20-09-2020 ഞായർ | 8.45 pm - 10.15 pm | പേരാവൂർ, എടൂർ, കുന്നോത്ത് |
| 21-09-2020 തിങ്കൾ | 8.45 pm - 10.15 pm | നെല്ലിക്കാംപൊയിൽ, പൈസക്കരി, ചെമ്പേരി |
| 22-09-2020 ചൊവ്വ | 8.45 pm - 10.15 pm | ചെമ്പന്തൊട്ടി, ആലക്കോട് വായാട്ടുപറമ്പ്, തളിപ്പറമ്പ് |
| 23-09-2020 ബുധൻ | 8.45 pm - 10.15 pm | മേരിഗിരി, ചെറുപുഴ, തോമാപുരം |
| 24-09-2020 വ്യാഴം | 8.45 pm - 10.15 pm | കാഞ്ഞങ്ങാട്, പനത്തടി, വെള്ളരിക്കുണ്ട് |

## 9. അഭിനന്ദനങ്ങൾ

കോവിഡ് 19 മഹാമാരിയിൽ നിന്നും സംരക്ഷണം ലഭിക്കുന്നതിനായി തോമാപുരം ഫൊറോന വിശ്വാസപരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ വിശ്വാസപരിശീലകരും മാതാപിതാക്കളും കുട്ടികളും ഓഗസ്റ്റ് 25 മുതൽ സെപ്റ്റംബർ 8 വരെയുള്ള തീയതികളിൽ ഒരു ലക്ഷം ജപമാല ചൊല്ലി മാതാവിന് ജന്മദിന സമ്മാനമായി സമർപ്പിച്ച് പ്രാർത്ഥിക്കുന്നു. നേതൃത്വം കൊടുക്കുന്ന എല്ലാ ബഹു. വൈദികർക്കും ഫൊറോന പ്രസിഡന്റിനും പ്രധാനാധ്യാപകർക്കും അഭിനന്ദനങ്ങൾ.

## 10. ആദരാഞ്ജലികൾ

ജയഗിരി ഇടവകയിലെ വിശ്വാസപരിശീലകയായിരുന്ന ശ്രീമതി ലിൻസി പാലയ്ക്കൽ ടീച്ചർ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. ടീച്ചറിന്റെ കുടുംബാംഗങ്ങളെ വിശ്വാസപരിശീലന കേന്ദ്രത്തിന്റെ അനുശോചനവും പ്രാർത്ഥനയും അറിയിക്കുന്നു.

## 11. ദിയാക്കോണിയ

ഓഗസ്റ്റ് - സെപ്റ്റംബർ മാസങ്ങളിലെ കർമ്മ പദ്ധതികൾ:

1) **പയറും പഴവും:** കുട്ടികൾ സ്വന്തം ഭവനത്തിലെ കൃഷിയിടത്തിൽ 3 ഇനം പഴവർഗ്ഗങ്ങളും 3 ഇനം പച്ചക്കറികളും കൃഷിചെയ്യുന്നു.
2) **ഗ്രീൻ ഫെസ്റ്റ്:** ആഴ്ചച്ചന്ത - കുട്ടികൾ കൃഷിചെയ്തവ വിൽപനയ്ക്ക് വയ്ക്കുന്നു. വിൽക്കുന്നു.
3) **കിങ്ങിണിക്കൂട്ടം:** കോഴി, താറാവ്, ആട്, മുയൽ വളർത്തലിനെക്കുറിച്ച് പഠിക്കുന്നു; വളർത്തുന്നു. നിർദ്ദേശങ്ങൾ നൽകുന്നു.
4) **മണ്ണിര കമ്പോസ്റ്റ് നിർമ്മാണം:** പഠിക്കുന്നു; തയ്യാറാക്കുന്നു.

സ്നേഹത്തോടെ,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അസി. ഡയറക്ടർ

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
ഡയറക്ടർ, 9447952958